ചിത്രീകരണം.

# പ്രവാസികളുടെ പ്രലോഭനങ്ങൾ.

ജോൺ ഇളമത.

വിസിറ്റിങ്ങ് നാട്ടിൽ എത്തിയപ്പോഴാണ് ആ പത്രവാർത്ത കണ്ടത്.
പ്രവാസി സാഹിത്യകാരന്മാരുടെ ശ്രദ്ധക്ക്!
പ്രവാസി എഴുത്തുകാർക്ക് ഒരു സുവർണ്ണാവസരം!നിരാശ്ശപ്പെടേണ്ട,സാഹിത്യ അവാർഡുകൾ സൗജന്യനിരക്കിൽ.ഇന്ത്യൻ രൂപാ സ്വീകരിക്കുകയില്ല.അമേരിക്കൻ ഡോളർ മാത്രം.പാക്കേജിൻെറ നിലവാരം അനുസരിച്ച് തുകകൾക്ക് പെരുപ്പം കൂടും.കളിപ്പീര് തെല്ലുമില്ലാ. ,അവാർഡുകൾ കൈപ്പറ്റാനെത്തുമ്പോൾ മാത്രം തുക ഏൾപ്പിച്ചാൽ മതിയാകും.

ധാരാളം പരസ്യങ്ങൾ കണ്ടിട്ടുണ്ട്.ശ്ശടാ,എന്നാലിത്തരമൊന്ന് ആദ്യം കാണുകയാണ്.നീലഭൃംഗാദിയുടെ ഇടതൂർന്ന മുടിയുടെ പരസ്യം മുതൽ ബ്രായുടെ,അണ്ടർവെയറിൻെറ പരസ്യമൊക്കെ സഹിക്കാവുന്നതേയുള്ളൂ.കാൻസറ്,എയിഡ്സ്,എബോള,പക്ഷിപ്പനി,ചിക്കൻഗുനിയ, തുടങ്ങിയ മഹാരാഗങ്ങളെ ഒറ്റമൂലിയുടെ ചൂണ്ടുവിരലിൽ നിർത്തുന്ന മഹാന്മാർ മുതൽ മുസ്ലി പവ്വർ ഉത്തേജന ഗുളികൾ വരെ വിൽക്കുന്ന രാജ്യത്ത് ഇതും ഒരു പരീക്ഷണമേകുന്നു.പണ്ടൊക്കെ കേൾക്കാറുള്ളത് 'കാളൻ നെല്ലായി',എല്ലാ രോഗങ്ങൾക്കും ഒറ്റമൂലി.സമയക്കുറവു മൂലം ചീഫ് ഫിസിഷ്യൻ വിമാനത്തിൽ സഞ്ചരിക്കുന്നു.ങാ,അടികളി! ഇന്നെല്ലാ ഫിസിഷ്യന്മാരും,സന്യാസിമാരും മന്ത്രവാദികളും ആൾദൈവങ്ങളും വിമാനത്തിൽ തന്നെ യാത്ര.

അപ്പോൾ ഓർമ്മ വന്നത് പണ്ടുണ്ടായ ഒരു കഥയാണ്.മൂട്ടേ കൊല്ലുന്ന മിഷ്യൻ!ങാ,അമ്പടാ! കയറുകട്ടിലും ചൂരക്കട്ടിലുമാക്കെയുള്ള കാലം.മൂട്ടകൾക്ക് കൂശാലായിരുന്നു.മൂക്കറ്റം കള്ളുകുടിച്ചുറങ്ങുന്ന ഗൃഹനാഥൻെറയും,ജോലിചെയ്ത് തളർന്നുറങ്ങുന്ന ഗൃഹനായികയുടെയും ചോര ഊറ്റികുടിക്കുന്ന യക്ഷിഗന്ധർവ്വരായി മൂട്ടകൾ വിളങ്ങി നിന്നകാലം! ആർക്കും അബദ്ധം പറ്റാം.അങ്ങനെ പ്രലോഭനത്തിൽപ്പെട്ട് ഈയുള്ളവനും വരുത്തി ഒരു മൂട്ടമിഷ്യൻ.കട്ടിലിനടി മൂട്ടമിഷ്യൻ ഫിറ്റു ചെയ്താൽ മാന്ത്രികശക്തിയാൽ മൂട്ടകൾ പാലായനം ചെയ്യുമെന്നൊക്ക ധരിച്ച്.ഒടുവി മൂട്ടമിഷ്യൻ വന്നു.വലിയൊരു കാർഡ്ബോർഡ് പെട്ടി.പെട്ടി തുറന്നു.പെട്ടിക്കകത്തൊരു വലിയ കടലാസു പൊതി.പൊതി അഴിച്ചു.പൊതിക്കുള്ളിൽ വീണ്ടും വീണ്ടും പൊതി.ഒടുവി പൊതി കുഞ്ഞുകുഞ്ഞായി.ഒടുവിലത്തെ കുഞ്ഞുപൊതി തുറന്നു.അതി രണ്ട് ചെറിയ പാറക്കല്ല്,കൂടെ ഒരു കുറിപ്പ്!ഉപയോഗിക്കേണ്ടവിധം.മൂട്ടെ പിടിച്ച് രണ്ടുകല്ലുകൾക്കുള്ളിൽ വച്ച് ഞെരുക്കുക.

ഞെട്ടിപ്പോയി!കാശുപോയി,വിഢീംമായി!

ങാ,അതുപേട്ടെ ഇതല്ലല്ലോ വിഷയം!സാഹിത്യം,സുവർണ്ണാവസരം.തൊക മിനിമം എന്താന്ന് ഒന്ന് വിളിച്ചു ചോദിക്കാം.ഒരു മിനിമം കൊടുത്താമതി എങ്കി ഒന്നു പരീക്ഷിച്ചു നോക്കാം.എപ്പഴാ ശുക്രൻ അത്യൂഛത്തി വരുന്നേന്ന് പറയാമ്പറ്റത്തില്ലല്ലോ,ഒരു പ്രലോഭനം!

ഫോൺ എടുത്ത് അതിൽ കൊടുത്ത നമ്പരിൽ കറക്കി.

അപ്പുറത്തു നിന്നും പാറപ്പുറത്തുരക്കുന്ന ശബ്ദം.ഹലോ,ഇതു കൊടുവള്ളി നാരായണൻ.

കഥാകൃത്ത് കൊടുവള്ളി നാരായണനല്ലേ,ധാരാളം കേട്ടട്ടുണ്ട്,ധാരാളം വായിച്ചിട്ടുണ്ട്. കൊടുവള്ളി നാരായണനെ ഓർത്തു.പെട്ടന്നുയർന്ന് അതിപ്രശ്സതനായ കഥാകൃത്ത്!താടീംമുടീം വളർത്തി ചാക്കുസഞ്ചിം തോളേലിട്ട് കഞ്ചാവും വലിച്ച് തെരുവുതെണ്ടിയായി നടന്ന നിർദ്ധനനായ യുവാവാണ് ഇന്ന് പ്രശസ്തിയുടെ കൊടുമുടിയിൽ വിരാജിക്കുന്നത്.അവർഡുകൾ വാരിക്കൂട്ടി മാധ്യമങ്ങളായ മാധ്യമങ്ങളിലൊക്കെ എഴുതി ജ്ഞാനപീഠത്തിൻെറ പടവിലിക്ക് കണ്ണും നട്ടിരിക്കുന്ന ദാർശ്ശനികൻ.

ഞാൻ ടൂണൊന്നു മാറ്റി:-

സാറെ, പ്രവാസികൾക്ക് അവാർഡു കൊടുക്കുന്നൂന്നു കേട്ടു.

ശരിയാ,ശരിയാ താങ്കളെന്തുതരം പ്രവാസിയാ?

മനസ്സിലായില്ല !

അതേ,ദിനാറയോ,പൗണ്ടോ,യൂറോയോ,ഡോളറോ!,സാക്ഷാൽ അമേരിക്കൻ ഡോളറിലാ ഞങ്ങളുടെ ബിസിനസ്സ്.അറിയാല്ലോ,പഴേം കാലൊന്നുമല്ല.നാട്ടിതന്നെ അവാർഡുകൾ കച്ചോടമാ.അതിന് ചില ഫോർമാലിറ്റീസൊക്കെ ഒണ്ട്.

എന്തു ഫോർമാലിറ്റി?

ങാ, എന്താ വിചാരിക്കുന്നത്.പണ്ടത്തെപ്പോലെ ഒന്നും സ്ട്രെയിറ്റല്ല കാര്യങ്ങള്.അവാർഡിന് മുമ്പ് ഒരു അവാർഡുകമ്മറ്റി.അതൊരു ക്ലിക്കാ,അവരാ തീരുമാനിക്കുന്നെ.അത് ഏകകണ്ഠോമാ.

എന്തു ക്ലിക്ക്!

ആദ്യമെ പ്രശസ്തരായ രണ്ട് മൂന്ന് സാഹിത്യ പ്രതിഭകളെ വശീകരിച്ച് ഒരു അവാർഡ് കമ്മറ്റി ഉണ്ടാക്കുക.അതിനാ ഏറ്റവും ചെലവ്.മനസ്സിലായോ,അവർഡിൻെറ അവാർഡ്! കാഷായി അവരെ ആതാദ്യം എൾപ്പിച്ചാലെ സംഗതി നടക്കൂ.അത് കഴിഞ്ഞ് ആര് എന്തു കൃതി അയച്ചാലും ഫലമില്ല.നമ്മള് കൊടുക്കുന്ന ലിസ്റ്റിൽ അവാർഡ് പ്രഖ്യാപനം വരും.

ഓ,അതുശരി,അപ്പോ അവാർഡ് തീർച്ചയാ!

പിന്നല്ലാതെ.ഈ വന്ന കാലത്ത് ഇവിടെ ദൈവത്തിൻെറ നാട്ടി എല്ലാം വ്യാവസായിക അടിസ്താനത്തിതന്നെ,രാഷ്ടീയം,മതം,മന്ത്രവാദം,ജോതിഷ്യം,തിരുമ്മ്,കൊട്ടേഷൻ, എന്നുവേണ്ടാ സർവ്വകിടിപടീം.നാടോടുമ്പം നടുവേ ഓടണം അതാ,പ്രമാണം,സകല ഉഡായിപ്പുളും അങ്ങനാ,പിരിവ് പോലും മാന്യമായ ഭിക്ഷാടനമായിരിക്കുന്നു ഇക്കാലത്ത്.തത്വം പറയാം,പക്ഷേ പ്രവർത്തി മറ്റൊന്നാന്നാർക്കാ ഇക്കാലത്തറിയാത്തെ.നാട്ടിലെ സ്തിതി ഇപ്പോ ഇതാ.

അവാർഡ് കിട്ടുമോങ്കി എത്രാ ഒരു മിനിമം?

ങും,നോക്കട്ടെ, താങ്കളൊരമേരിക്കൻ പ്രവാസി ആയതുകൊണ്ട് റേറ്റല്പ്പം കൂടുതലാ.അവിടുന്നാ ഏറെ ഡിമാൻറ്.എങ്കിലും ഒരു പരിഗണന തരാം.ഒരു മന്ത്രി,ഒരെംപി,ഒരു സീരിയൽ നടി,ഒരു കവി,ഒരു മേയർ,ഇത് സമാന്യം ഭേദപ്പെട്ട പാക്കേജാ,നിങ്ങടെ നെലക്കും വെലക്കും.ഒരുലക്ഷം രൂപാ കാഷ് അവാർഡും,അമ്പാടി അരവിന്ദാക്ഷൻ കൊത്തിയ വെങ്കല ശില്പ്പവും,സാഹിത്യ ശിരോമണി സർട്ടിഫിക്കറ്റും തരും.പ്രശസ്ത എഴുത്തുകാരൻ ചെറുവള്ളി ചേമക്കുറുപ്പിൻെറ പേരിലുള്ള അവാർഡാ.ആരും കൊതിച്ചു പോകുമിതൊന്നു കിട്ടാൻ. ആശ്വാസ നിരക്കിത്തരാം ,അമ്പതിനായിരം അമേരിക്കൻ ഡോളർ!

ഹോ, കുടുംബം കലക്കുന്ന പരിപാടിയാ.അവളെങ്ങാനും അറിഞ്ഞാ,ഡിവോഴ്സാ ,എൻെറ ഭാര്യയേ!എങ്കിലും ആഗ്രഹം,ആവേശം വിട്ടുപിരിയാതെ നിൽക്കുന്നു.കയ്യിലും കാലിലും ചെറിയൊരു കണക്കു കൂട്ടി,ലാഭനഷ്ടങ്ങൾ കിഴിച്ചുകൂട്ടി.ഒരുലക്ഷം രൂപാ തിരികെ കിട്ടും,പിന്നെ വെങ്കലശില്പ്പവും,പരിപാടി സംബന്ധിക്കുന്ന ഉന്നതരുടെ ചെലവും.ങാ, ഇക്കാലത്ത് കാശെറിയാതെ എവിടെ പ്രശസ്തി കിട്ടാനാ.

എത്രനാളു പിടിക്കും,അവാർഡു കിട്ടാൻ?

പ്രശസ്തരെ ഒന്ന് ഒപ്പിച്ചെടുക്കണ്ടേ,ഒരെട്ടുപത്തുമാസം.

അപ്പോ ഒന്നൂടെ നാട്ടി വരേണ്ടിവരും.

സാറ് പോയേച്ച് ഒന്നൂടെ വാ,ഇത് അച്ചപ്പം ചുടുന്നപോലൊള്ള കാര്യേന്നുമല്ലല്ലോ!

നോ,എന്നു പറയാതെ ഒരു മൂളുമൂളി.കണക്കുകൂട്ടി.പിന്നേം ചെലവ്.അവാർഡ് വാങ്ങാൻ തിരകെ വരണം,പ്ലയിൻ ചാർജ്ജ്,മറ്റു ചിലവുകൾ.

ആറുമാസം കഴിഞ്ഞപ്പോൾ കഥാകൃർത്ത് കൊടുവള്ളി നാരായണൻെറ വാർട്ട സപ്പുകോൾ വന്നു,ചിലവന്യേ.വേഗം എത്തൂ,ഈ മാസം പതിനഞ്ചിന് തിരുവനന്തപുരത്ത് പ്രസ്സ്ക്ലബലിലവാർഡുദാനം.

പതിനഞ്ചന് മമ്പ് തിരുവനപുരത്ത് എത്തത്തക്കവിധം പ്ലയിൻകയറി.സംഭവദിവസം പ്രസ്സ്ക്ലബിലെത്തി.പറഞ്ഞപ്രകാരം എല്ലാം ഭദ്രം.കിടിലൻ പരിപാടി.മദ്യം വാഗ്ദാനം ചെയ്ത്വരുത്തിയ നിറഞ്ഞ സദസ്സ്.വർണ്ണക്കടലാസുകൾ തോരണം കെട്ടിയ വേദി.പുറകിൽ വലിയ ബാനർ,അതിൽ എൻെറ ഫോട്ടോ, അടിയിൽ വലിയ സുവർണ്ണ അക്ഷരങ്ങൾ തിളങ്ങുന്നു.പ്രമുഖ പ്രവസി സാഹിത്യകാരൻ കോര കാരാമുക്കിൻെറ പ്രധമ നോവൽ 'കാക്കത്തമ്പുരാട്ടി'ക്ക്ചെറുവള്ളി ചേമക്കുറപ്പ്

അവാർഡ് ബഹുമാനപ്പെട്ട സാംസ്ക്കാരിക മന്ത്രി നൽകി ആദരിക്കുന്നു,ഒരു ലക്ഷം കാഷ് അവാർഡോടെ. സ്റ്റേജിൽ പ്രമുഖർ പറഞ്ഞ പ്രകാരം ഉപവിഷ്ടരായിരിക്കുന്നു,മന്ത്രി,എംപി,മേയർ ,സീരിയൽ നടി സുന്ദരി,കവി.

എന്നെ കാത്തു നിന്ന കഥാകൃത്ത് കൊടുവള്ളി നാരായണൻ എന്നെ അയാളുടെ കാറിലേക്ക് കൂട്ടികൊണ്ടുപോയി അമ്പതിനായിരത്തിൻെറ ഡോളർ രഹസ്യമായി സ്വീകരിച്ചു, വീണ്ടും കൂട്ടികൊണ്ടു വന്ന് പ്രമുഖരുടെ മദ്ധ്യത്തിൽ ഉപവിഷ്ടനാക്കി.അവതാരിക തടിച്ചുകൊഴുത്ത ഒരു കാക്കക്കറുമ്പി അസാദ്ധ്യ മേക്കപ്പോടെ എത്തി കിളിനാദത്തിൽ പരിപാടിക്കു തുടക്കമിട്ടു

ഈശ്വരപ്രാർത്ഥന!ഊതിയാൽ പറക്കുന്ന ഒരു പെൺകുട്ടി കാളരാഗത്തിൽ ഈശ്വരപ്രാർത്ഥന ആലപിച്ചു.തുടർന്ന് മന്ത്രി എന്നെ പൊന്നാട പുതപ്പിച്ച് വെങ്കലശില്പ്പവും,ഒരു ലക്ഷത്തിൻെറ കാഷ് ചെക്കും ഏൾപ്പിച്ചു.ഞാൻ കുളിരുകോരി കോൾമയിർ കൊണ്ടു,ജ്ഞാനപീഠം കിട്ടിയ അനുഭൂതിയോടെ.പിന്നെ തകർപ്പൻ പ്രസംഗങ്ങൾ,മന്ത്രി,എംപി,മേയർ,എന്നെ പുകഴ്ത്തി സോപ്പിട്ടു കുളിപ്പിച്ചു.ഒന്നെനിക്കിഷ്പ്പേട്ടു.സുന്ദരിയായ സീരിയൽ നടിയുടെ കടാഷങ്ങൾ!,കൂടെ എന്നോടൊരു ചോദ്യവും,കോരഅങ്കിൾ,അടുത്തമാസം ഞങ്ങൾ പരിപാടീം കൊണ്ട് അമേരിക്കേ വരന്നൊണ്ട്,ടെലഫോൺ നമ്പര് തന്നേര്,ഞാം കോണ്ടാക്ട് ചെയ്യാം!ടെലഫോൺ നമ്പരു കൊടുത്തു കഴിഞ്ഞ് ഞാനൊന്ന് ഞെട്ടി.അച്ചാമ്മ,എൻെറ ഭാര്യ അവൾ സോക്രട്ടീസിൻെറ ഭാര്യ സാന്തേപ്പിയക്കാൾ വഴളാ.നടി വിളിച്ച് അവളെങ്ങാനും ഫോൺ എടുത്താ എൻെറ കഥകഴിഞ്ഞു.

അതിനിടെ ആ തലതെറിച്ച സാഹിത്യകാരൻ കൊടുവള്ളി നാരായണൻ എന്നെ വിളിച്ചു മാറ്റിനിർത്തി രഹസ്യം പറഞ്ഞു:-

കോരസാറെ,കാഷ് അവാർഡുതന്ന ഒരുലക്ഷം ബാങ്കി പ്രസൻറു ചെയ്യണ്ട,അതു വണ്ടിചെക്കാ!

ഞാൻ ഇഞ്ചിതിന്ന കുരങ്ങിനെപോലെ പല്ലിളിച്ചു നിന്നുപോയി!!